താണ്. എന്നൊക്കെ ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞത് കുറെയൊക്കെ ബോദ്ധ്യമായി. പൊതുജനാഭിപ്രായം ഇവിടെ കുറെ ആളുകൾ ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് ഇതിന് തീരുമാനമുണ്ടാക്കണം. ഈ ഗവൺമെൻറ് ഈ കാര്യത്തിൽ ഒട്ടും പുറകോട്ടു പോകുന്നില്ല. ഈ പദ്ധതികൾ നടപ്പിലാക്കണമെന്നുള്ളതുതന്നെയാണ് ഞങ്ങളെടുത്ത തീരുമാനം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ പദ്ധതികൾ നിർത്തിവയ്ക്കാൻ വേണ്ടി എൻവയർമെൻറ് ഡിപ്പാർട്ട്മെൻറിന്റെ കത്തുകിട്ടിയശേഷം ഈ പദ്ധതി വേണമെന്ന് കേന്ദ്ര ഗവൺമെൻറിലോ അതു കൈകാര്യം ചെയ്യുന്ന മന്ത്രിക്കോ കേരളാ ഗവൺമെൻറ് യോജിച്ചു വല്ല നിവേദനവും നടത്തിയിട്ടുണ്ടോ? അതുപോലെതന്നെ നമ്മുടെ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിന്റെ ഭാഗത്തുനിന്നുള്ള തടസ്സമൊഴിവാക്കാൻ വല്ല ശ്രമവും നടത്തിയിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിന്റെ തടസ്സം ഇവിടെയില്ല. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ചുള്ള തടസ്സം ഡൽഹിയിലാണ്. ഇവിടെയല്ല. അവിടെയിരിക്കുന്ന നേതാക്കന്മാർക്കൊക്കെ അറിയാം; ഇവിടെ ഗവൺമെൻറ് ഒന്നാണ് എന്ന്. ഫോറസ്റ്റ് ഗവൺമെൻറ് എന്നൊരു ഗവൺമെൻറില്ല. വിദ്യുച്ഛക്തി ഗവൺമെൻറ് എന്നൊരു ഗവൺമെൻറില്ല. ഫോറസ്റ്റ് വകുപ്പുംപ്പെടെയുള്ളതാണ് കേരളാ ഗവൺമെൻറ്. കേരളാഗവൺമെൻറിന്റെ തീരുമാനം ഈ പ്രോജക്ടുകൾ നടപ്പിലാക്കണമെന്നുതന്നെയാണ്. കേന്ദ്രത്തിൽ കഴിഞ്ഞ ആഴ്ചയും ഞാൻ ഈ കാര്യത്തിൽ നിവേദനം നടത്തി.

(2) ഡവലപ്പ്മെൻറ് ബാങ്കുകൾക്കും ഹൗസിംഗ് സൊസൈറ്റികൾക്കുമുള്ള ഗവൺമെൻറ് സബ്സിഡി

ശ്രീ. എം. എം. ഹസ്സൻ: സർ, നമ്മുടെ സഹകരണമേഖലയിലെ രണ്ടു പ്രധാനപ്പെട്ട സ്ഥാപനങ്ങളും അതുമായി ബന്ധപ്പെട്ട പ്രാഥമിക സംഘങ്ങളും ഇന്നു നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം. പാർപ്പിട പ്രശ്നം പരിഹരിക്കാൻവേണ്ടി സംസ്ഥാനത്തു ശ്രമിക്കുന്ന വിവിധ ഏജൻസികളിൽ സഹകരണ മേഖലയിലെ പ്രധാനപ്പെട്ട ഏജൻസിയാണ് ഭവന നിർമ്മാണ സഹകരണ ഫെഡറേഷൻ. അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 200-ഓളം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഗവൺമെൻറ് ജീവനക്കാർക്ക് ആവശ്യാനുസരണം ഭവന നിർമ്മാണ വായ്പ ലഭ്യമാക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ 1980-ൽ ഗവൺമെൻറ് ഒരു തീരുമാനമെടുത്തു. പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾവഴി ഗവൺമെൻറ് ജീവനക്കാർക്ക് വായ്പ കൊടുക്കുകയാണെങ്കിൽ അവർക്ക് മൂന്നു ശതമാനം പലിശ സബ്സിഡി അനുവദിക്കണമെന്ന് ഗവൺമെൻറ് ഉത്തരവു നൽകുകയുണ്ടായി. മുൻകാലങ്ങളിലൊക്കെത്തന്നെ അതിനാവശ്യമായ പണം ബഡ്ജറിൽ വകകൊള്ളിക്കുകയും കൃത്യമായിത്തന്നെ അത് റീ-ഇംപേഴ്സ് ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞ ഒന്നുരണ്ടുവർഷക്കാലമായി 60 ലക്ഷം രൂപയുടെ കുടിശ്ശിക പ്രാഥമിക ഭവന നിർമ്മാണ സഹകരണസംഘങ്ങൾക്ക് കിട്ടാനുണ്ട്. കുടിശ്ശിക കിട്ടാനുള്ളതുകൊണ്ട് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പ്രാഥമിക സഹകരണ സംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവർ നേരത്തെതന്നെ വായ്പ അനുവദിക്കുന്ന ആളുകൾക്ക് ഗവൺമെൻറ് സബ്സിഡി കഴിച്ചുള്ള പണമേ സ്വീകരിക്കാവൂ എന്ന് ഗവൺമെൻറ് നിഷ്കർഷിച്ചതിൻെറ ഫലമായി പല സംഘങ്ങളും ഇന്ന് കുടിശ്ശിക സംഘങ്ങളായി മാറിയിരിക്കുകയാണ്. ഗവൺമെൻറ് ജീവനക്കാർക്കു വേണ്ടി മാത്രമായി എല്ലാ ജില്ലകളിലും ഗവൺമെൻറ് സർവ്വൻറ്സ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കുകയുണ്ടായി. ഈ സഹകരണ സംഘങ്ങളെല്ലാം ഇന്ന് നിശ്ചലമായിരിക്കുന്നു. ഈ 60 ലക്ഷം രൂപ അടിയന്തിരമായി കൊടുത്തുതീർത്തില്ലെങ്കിൽ നമ്മുടെ പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽ ഇന്ന് നമുക്കുള്ളതിൽ പകുതിയും പ്രവർത്തനരഹിതമായി പോകും. മറ്റു സഹകരണസംഘങ്ങളെ അപേക്ഷിച്ച് ഇതിന് ഒരു പ്രത്യേകതയുണ്ട്. ഒരു ശതമാനം മാർജിൻെറ അടിസ്ഥാനത്തിൽ ആണ് ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. എൽ. ഐ. സി. ആണ് ധനസഹായം നൽകുന്നത്. ഒരു ശതമാനത്തിനപ്പുറം പ്രാഥമിക സഹകരണസംഘങ്ങൾക്ക് മാർജിൻ ഈടാക്കാൻ ഒരിക്കലും ഗവൺമെൻറോ എൽ. ഐ. സി.യോ അനുവദിക്കുകയില്ല. പല സംഘങ്ങളിലും നമ്മുടെ നാട്ടിൻപുറങ്ങളിലും വില്ലേജുകളിലുമൊക്കെത്തന്നെ ഓണറി സെക്രട്ടറിമാരെ വച്ചാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഗവൺമെൻറ് ജീവനക്കാർക്ക് പലിശ സബ്സിഡിയിനത്തിൽ 60 ലക്ഷം രൂപ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കിട്ടാൻ കാലതാമസം സംഭവിച്ചാൽ കൂടുതൽ വായ്പക്കാർക്ക് വായ്പ കൊടുക്കാൻ കഴിയാതെ വരും. ഈ സംഘങ്ങൾ പ്രവർത്തനരഹിതമാകും. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഒന്നുകിൽ ഈ പണം അടിയന്തിരമായി കൊടുക്കണം. അല്ലെങ്കിൽ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവുണ്ട്. 12-6-86-ൽ സഹകരണ രജിസ്ട്രാറുടേതായി എച്ച്. ഡബ്ലിയു. 129695/86 ആയി ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ്. ആ ഉത്തരവിൽ 3% പലിശ സബ്സിഡി കിഴിച്ച് മാത്രമേ ജീവനക്കാരിൽനിന്ന് പിടിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒന്നുകിൽ അടിയന്തിരമായി പണം നൽകി, സഹകരണ സംഘങ്ങളെ രക്ഷിക്കണം. അല്ലെങ്കിൽ ആ ഉത്തരവു പിൻവലിക്കണം.

അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട മറെറാരു കാര്യം, നമ്മുടെ സംസ്ഥാനത്തെ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ഡെവലപ്പ്മെൻറ് ബാങ്കുകളിൽ കൃത്യമായി തുക തിരിച്ചടയ്ക്കുന്നവർക്ക് കൊടുക്കുന്ന പലിശ സബ്സിഡിയിനത്തിൽ ഗവൺമെൻറ് നാലര കോടി രൂപ കൊടുക്കാനുണ്ട്. നബാർഡും വേൾഡ് ബാങ്കും ഉണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പിൻെറ അടിസ്ഥാനത്തിൽ ഇപ്പോൾ ഇവരുടെ പെർഫോർമൻസ് കളക്ഷൻെറ അടിസ്ഥാനത്തിലാണ്. 100% കളക്ഷൻ നടത്തിയിട്ടുള്ള പ്രൈമറി ലാൻറ് ഡെവലപ്പ്മെൻറ് ബാങ്കുകൾപോലും ഇന്ന് റിസ്ട്രിക്റ്റഡ് കാറ്റഗറിയിൽ ആയിരിക്കുകയാണ്. സംസ്ഥാനത്ത് 35 ബാങ്കുകളുള്ളതിൽ 25ഉം റിസ്ട്രിക്റ്റഡ് കാറ്റഗറിയിൽ ആണ്. അതിൻെറ ഫലമായി 5% പലിശ ഭൂവികസന അഗ്രികൾച്ചറൽ ബാങ്കുകൾ വഴി എടുക്കുന്ന കർഷകർക്ക് നാലര കോടി രൂപ കുടിശ്ശിക കൊടുക്കാനുള്ളതുകൊണ്ട് സംസ്ഥാനത്തെ പ്രൈമറി കാർഷിക വികസന ബാങ്കുകളുടെ പ്രവർത്തനം നിശ്ചലമായിരിക്കുന്നു. ഈ രണ്ടു മേഖലകളിലുമുള്ള പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ അടിയന്തിരമായി കുടിശ്ശിക കൊടുത്തുതീർക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ബഹുമാനപ്പെട്ട ഹസ്സൻ ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം കേരളത്തിലെ കാർഷിക വികസന ബാങ്കുകളിലും പ്രൈമറി സഹകരണസംഘങ്ങളിലും പലിശ സബ്സിഡി ഇനത്തിൽ ഗവൺമെന്റ് കുറെ പണം കൊടുക്കാനുണ്ട് എന്നതാണ്. അതു ശരിയാണ്. ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽനിന്നും ഗവൺമെന്റ് ജീവനക്കാർ വായ്പ എടുത്താൽ അവർക്ക് 3% പലിശ സബ്സിഡിയുണ്ട്. അതിലും കുറച്ച് പണം അടയ്ക്കാനുണ്ട് എന്നതും ശരിയാണ്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ അതുകൊണ്ടുമാത്രം ഒരു പ്രതിസന്ധി ഈ രണ്ടു രംഗങ്ങളിലും ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല. ഭവന നിർമ്മാണ സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം 59 സംഘങ്ങൾ ശരിയായി സബ്സിഡി വകവച്ചുകൊടുത്തുകൊണ്ടുതന്നെയാണ് വായ്പ കൊടുക്കുന്നത്. എന്നാൽ 131-ഓളം ഭവന നിർമ്മാണ സഹകരണസംഘങ്ങൾ ഈ പലിശ സബ്സിഡിയടക്കമാണ് പിരിച്ചെടുക്കുന്നത്. ഞാൻ ആദ്യം പറഞ്ഞതു പോലെ 59 സംഘങ്ങൾ, കൃത്യമായി സബ്സിഡി വകവച്ചുകൊടുക്കുന്ന സംഘങ്ങളെ സംബന്ധിച്ചിടത്തോളം 18.26 ലക്ഷം രൂപ ഗവൺമെന്റ് കൊടുക്കുവാനുണ്ട്. 131-ഓളം സംഘങ്ങളെ സംബന്ധിച്ച് ഇളവ് കൊടുക്കാത്തത് പിരിച്ചെടുക്കുന്ന സംഘങ്ങൾക്ക് കൊടുക്കാനുള്ള പണം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയാണെങ്കിൽ 39.24 ലക്ഷം രൂപയും കൊടുക്കാനുണ്ട്. ഇങ്ങനെ 57.50 ലക്ഷം രൂപ സബ്സിഡിയിനത്തിൽ കൊടുക്കാനുണ്ട്. ഇത് കൊടുക്കുന്നതിനായി ഗവൺമെന്റിന്റെ ബഡ്ജറ്റിൽ പണം കുറവായിരുന്നു. ഇതിനു കാര്യമായ നടപടികളും ഗവൺമെന്റ് കൈക്കൊണ്ടിരിക്കുകയാണ്. 31-5-1986 വരെ പ്രൈമറി അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം 5.41 കോടിരൂപ സബ്സിഡിയിനത്തിൽ കൊടുക്കാനുണ്ട്. ഈ പ്രൈമറി കാർഷിക വികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഈ സബ്സിഡി കൊടുക്കുവാനുള്ളതുകൊണ്ട് മാത്രമല്ല അവർക്ക് പ്രതിസന്ധി ഉണ്ടായിട്ടുള്ളത്. നബാർഡിന്റെ റീ-ഫൈനാൻസ് അവർ വാങ്ങിക്കുമ്പോൾ 75 ശതമാനത്തോളം കൂടിശ്ശിക തിരിച്ചുപിടിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ആ നോംസ് അനുസരിച്ചുമാത്രമേ അവർ പ്രവർത്തിക്കുകയുള്ളൂ. ഇതിൽ ഇളവ് വരുത്തുന്നതുകൊണ്ടാണ് ഈ റസ്ട്രിക്റ്റഡ് കാറ്റഗറിയിൽ അവയെ പെടുത്തേണ്ടിവന്നിട്ടുള്ളത്. അതല്ലാതെ ഗവൺമെന്റിന്റെ സബ്സിഡിയായി കൊടുക്കാനുള്ള പണം ബാക്കിയായി പോയതുകൊണ്ടല്ല. സബ്സിഡിയിനത്തിൽ പ്രൈമറി ബാങ്കുകൾ കുറച്ചുകൂടി രൂപ നല്കാൻ ബാക്കിയുണ്ട്. 542 ലക്ഷം രൂപയോളമാണ് ഏകദേശം ഉള്ളത്. 1986-87-ലെ 4 ഗഡുക്കൾ കൂടി കൊടുക്കാനുള്ളതുകൂടി കൂട്ടുകയാണെങ്കിൽ 605 ലക്ഷം കൊടുക്കാനുണ്ട്. ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ 420 ലക്ഷം രൂപയേ ഉള്ളൂ. ഇത് വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് കഠിനമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം അഞ്ചരക്കോടി രൂപയോളം കാർഷിക വികസന പ്രൈമറി സംഘങ്ങൾക്കും അതുപോലെയുള്ള ക്രെഡിറ്റ് സംഘങ്ങൾക്കുംകൂടി ഈ ഇനത്തിൽ കൊടുത്തിട്ടുണ്ട്. ഈ വർഷം 420 ലക്ഷം രൂപയേ ബഡ്ജറ്റിൽ ഉള്ളൂ. ഏകദേശം 5.41 കോടി രൂപ ഈ വിഭാഗത്തിലും ഭവന നിർമ്മാണ വിഭാഗത്തിൽ 57.40 കോടിയും കൊടുക്കാനുണ്ട്. ഇത് കൊടുക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരമായ നടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്. ധനകാര്യവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ചില നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഇതിലും ഉൽക്കണ്ഠപ്പെടാനില്ല. അതുകൊണ്ട് റസ്ട്രിക്റ്റഡ് കാറ്റഗറിയിലെ സംഘങ്ങളിൽപ്പെടുന്ന പ്രശ്നമില്ല. നബാർഡിനോട്, ഗവൺമെന്റ് കൊടുക്കാനുള്ള സബ്സിഡി ബാക്കിയായി പോയതുകൊണ്ട് ഈ പ്രൈമറി സംഘങ്ങളെ റസ്ട്രിക്റ്റഡ് കാറ്റഗറിയിൽപ്പെടുത്തരുതെന്ന് ഗവൺമെന്റ് പ്രത്യേകമായി അഭ്യർത്ഥിക്കുകയും ഇത് നബാർഡ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഞാൻ സഭയുടെ മുമ്പാകെ ബോധിപ്പിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഭാവിയിലെങ്കിലും സഹകരണ വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ ഇത്രയും പലിശ സബ്സിഡി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അതിനുള്ള പണം കണ്ടെത്തുകയോ ചെയ്താൽ രജിസ്ട്രാർമാർ ഇത്തരം സംഘങ്ങളുടെ പ്രവർത്തനങ്ങളെ ബുദ്ധിമുട്ടിക്കാതിരിക്കുവാൻ ശ്രദ്ധിക്കുകയോ ചെയ്യുമോ?

ശ്രീമതി എം. കമലം: ഈ സബ്സിഡി കൊടുക്കുന്നതിന് കേന്ദ്രവും പ്ലാനിംഗ് കമ്മീഷനും അനുകൂലിക്കാതിരുന്നിട്ടുപോലും നമ്മുടെ പ്ലാൻ ബഡ്ജറ്റിൽനിന്നും നോൺ പ്ലാൻ ബഡ്ജറ്റിലേയ്ക്ക് ഇത് കൊടുക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെന്റ് കണ്ടിന്യൂ ചെയ്തുകൊണ്ട്. ഇത് കൊടുത്തുകൊണ്ടുവരുന്നത്. തീർച്ചയായിട്ടും ഗവൺമെന്റ് കൊടുക്കും, കൊടുക്കാമെന്നുപറഞ്ഞത് കൊടുക്കാതെ ഇരിക്കുകയില്ല. തീർച്ചയായും അതിനുള്ള പണം കണ്ടെത്തും. അത് കൊടുക്കുകതന്നെ ചെയ്യുമെന്ന് വീണ്ടും ഞാൻ ആവർത്തിക്കുന്നു.

IV സബ്മിഷൻ

(1) ഭരണങ്ങാനം പ്രദേശം ടൗൺഷിപ്പാക്കി മാറ്റേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. സി. ജോർജ്: സർ, സിസ്റ്റർ അൽഫോൻസ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടതോടുകൂടി എന്റെ നിയോജകമണ്ഡലത്തിലെ ഭരണങ്ങാനം എന്ന (സിസ്റ്റർ അൽഫോൻസ ജീവിച്ചിരുന്ന സ്ഥലം) സ്ഥലം തീർത്ഥാടകരുടെ പ്രവാഹകേന്ദ്രമായി മാറിയിരിക്കുകയാണ്. 100ഉം 150ഉം ടൂറിസ്റ്റു ബസ്സുകളിലാണ് തീർത്ഥാടകർ എത്തിക്കൊണ്ടിരിക്കുന്നത്. ഒരു ചെറിയ ഗ്രാമപ്രദേശമായ ആ സ്ഥലത്തിന് അവരെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. അതിനുള്ള പരിഹാരം എന്നുള്ള നിലയിൽ ഭരണങ്ങാനം ഒരു ടൗൺഷിപ്പ് ആക്കുകയോ അല്ലെങ്കിൽ ഭരണങ്ങാനം വികസന അതോറിറ്റി രൂപീകരിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ജോർജ് പറഞ്ഞ വികാരങ്ങളുമായി ഞാൻ യോജിക്കുകയാണ്. ഭരണങ്ങാനം ഒരു തീർത്ഥാടന കേന്ദ്രമായി

LIBRARY ARCHIVES Kerala Legislative Assembly